little KITEs

Digital Magazine 2018-19

# Signature



G.G.H.S.S BALUSSERY
Balussery (P.O)
Ph :0496 2643430

Success Is When Your Signature
Becomes An Autograph......
And We Are Trying To Create
An Autograph..
By Our
“SIGNATURE”

# ആമുഖം

ലിറ്റിൽ കൈറ്റ്സിന്റെ ആഭിമുഖ്യത്തിൽ
ജി.ജി.എച്ച്.എസ്.എസ് ബാലുശ്ശേരി ആദ്യമായി ഒരു ഡിജിറ്റൽ മാഗസിൻ പുറത്തിറക്കുന്നു. ഞങ്ങളുടെ സ്വപ്നം പൂവണിയുന്നു . ഞങ്ങളുടെ ആശയങ്ങളും അക്ഷരങ്ങളും ഇനി വിരൽത്തുമ്പിൽ .ഇതിനവസരം തന്ന പൊതുവിദ്യാഭ്യാസ വകുപ്പിനും,കൈറ്റിനും ഞങ്ങളുടെ വിലയേറിയ നന്ദി അർപ്പിക്കുന്നു.

നന്ദി............

രജനി കെ കെ(Head Mistress)
ധന്യ എൻ പി(Kite Mistress)
അഭിലാഷ് ഒ കെ(Kite Master)
ശിവദാസനുണ്ണി എം(SITC)

## Student Editor

Sree Ranjini K B

## Type Setting

Little Kite Members,GGHSS Balussery.

## Editorial Board

Alka.A.S
Diya A.K
Devananda R R
Divya Raj D R
Devatheertha V
Geethika N
Hala Fathima
Pooja S Mohan
Shelna Shibash
Sniya K J
Sree Ranjini K B

Little Kites

We Play* We Explore* We Learn



# പത്രാധിപക്കുറിപ്പ്

പ്രിയമുള്ളവരെ,

ജി ജി എച്ച് എസ് എസ് ബാലുശ്ശേരിയിലെ ലിറ്റിൽ കൈറ്റ്സ് ഒരു ഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരിക്കുകയാണ് . പ്രിൻറ് ചെയ്തതും കൈയെഴുത്തു പ്രതിയുമായ ധാരാളം മാഗസിനുകൾ ഇതിനകം നാം പരിചയപ്പെട്ടിട്ടുണ്ട്. ഇവിടെയാണ് ഈ ഡിജിറ്റൽ മാഗസിൻെറ പ്രസക്തി. സമകാലിക സമൂഹത്തിൻെറഒരു ലക്ഷണം പേപ്പർ ലെസ് ആണ് എന്നതാണ്. ആ നിലയിൽ ഇ-മാഗസിൻ ശ്രദ്ധേയമായിരിക്കും എന്ന് ഞങ്ങൾ കരുതുന്നു.

ലിറ്റിൽ കൈറ്റിൽ പെട്ട കുട്ടുകാരുടെ രചനകളാണ് ഇതിൽ ചേർത്തിരിക്കുന്നത് .മലയാളികളുടെ ജിവൽ പ്രശ്നങ്ങളെ അഭിസംബോധനചെയ്യാൻ ഇതിലെ രചനകൾ പരമാവധി ശ്രമിച്ചിട്ടുണ്ട്. പരിസ്ഥിതിയെക്കുറിച്ചും ശാസ്ത്രബോധത്തെ കുറിച്ചുള്ള ചെറിയ കുറിപ്പുകൾ ഇതിൽ ചേർത്തിരിയിക്കുന്നു. സർഗാത്മകമായ രചനകളെക്കുറിച്ചും ആ നിലയിൽ പരിമിതികൾക്കകത്തും സമ്പന്നമാക്കുന്ന ചെറിയ ശ്രമം ഞങ്ങൾ നടത്തിയിരിക്കുന്നു എന്ന് വിനയപൂർവ്വം പറയട്ടെ....

ഈ മാഗസിന്റെ പ്രേരണയായും ഒരു മാസം കൂടെ പ്രവർത്തിച്ചവരും, എല്ലാവരെയും ഈ സന്ദർഭത്തിൽ സ്മരിക്കുന്നു. ഡിജിറ്റൽ ആലേഖനങ്ങൾ പെരുകുന്ന കാലത്ത് നമ്മുടെ വിദ്യാലയത്തിൽ ആമുഖമായി ഈ മാസിക എന്നതും പ്രാധാന്യമർഹിക്കുന്നു.എല്ലാവരും, നന്ദി ഹൃദയപൂർവ്വം സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

-ശ്രീരഞ്ജിനി.കെ.ബി
(Student Editor)

# Our Head Mistress



## Smt.Rajani.K.K



കേരള സർക്കാർ
പൊതുവിദ്യാഭ്യാസ വകുപ്പ്
KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION
little KITEs
ലിറ്റിൽ കൈറ്റ്സ്
ഹൈടെക് വിദ്യാലയങ്ങളിലെ
കുട്ടികളുടെ
ഐ.ടി കൂട്ടായ്മ
വിവിധ പരിശീലനങ്ങൾ
വിദഗ്ധരുടെ ക്ലാസുകൾ
ഇൻഡസ്ട്രിയൽ വിസിറ്റുകൾ
ക്യാമ്പുകൾ
അനിമേഷൻ
പ്രോഗ്രാമിങ്
മൊബൈൽ ആപ്പ് നിർമ്മാണം
ഗ്രാഫിക് ഡിസൈനിങ്
മലയാളം കമ്പ്യൂട്ടിങ്
ഹാർഡ്‌വെയർ
ഇലക്ട്രോണിക്സ്
റോബോട്ടിക്സ്
സൈബർ സുരക്ഷ
വെബ് ടി.വി



Our School

A Classroom





IT Lab



Our Library

| Content | pg no |
|---|---|
| മരം | 13 |
| Pearls of wisdom | 14 |
| മലനിരകൾ ഭൂമിയെ ചുംബിക്കുന്നുണ്ട് | 16 |
| പ്രളയ കാഴ്ച്ചകൾ | 19 |
| कलम तलवार से ताकतवार है | 20 |
| Picture | 21 |
| Mathematical puzzle | 22 |
| എന്നിലെ ദീപം | 24 |
| ഒരു മുത്തശ്ശി കഥ | 25 |
| ജീവൻ | 26 |
| Computer | 27 |
| മലയാളം | 28 |
| The tremendous changer | 29 |
| പ്രവാസജീവിതം ഒരു അച്ഛനിലൂടെ | 31 |
| quotes | 32 |
| സൗഹൃദം | 34 |
| ജെർമേനിയം | 36 |
| വിദ്യ | 37 |
| India After Independence | 38 |
| വിധിയുടെ വിലാപം | 39 |
| The sound of the nature | 41 |
| ആൽബർട്ട് ഐൻസ്റ്റീൻ | 42 |
| Teacher's Day | 46 |
| പ്രതിസന്ധി | 47 |
| ഏകാകി | 48 |
| പുഴ | 52 |

| | |
|---|---|
| Bill Gates | 53 |
| കലികാലം | 54 |
| കേരളീയ ജനതയുടെ വികസനം | 55 |
| താക്കോൽ | 57 |
| My Teacher | 58 |
| ഒറ്റയ്ക്ക് | 59 |
| Marie Curie | 60 |
| പൂമ്പാറ്റ | 61 |
| A good beginning makes a good ending | 62 |
| तिरंगा | 63 |
| കലാലയം | 64 |
| സ്നേഹം | 66 |
| Mercury | 67 |
| ഓർമ്മകൾ | 68 |
| ഗലീലിയോ ഗലീലി | 69 |
| Search Engine | 70 |
| വൻ പ്രളയം | 71 |
| അമ്മതൻ ദുഖം | 73 |
| വേര റൂബിൻ | 74 |
| Isaac Newton | 75 |
| അമ്മതൻ ലാളനം | 76 |
| ടെലിസ്കോപ്പ് | 77 |
| ഗുരു | 78 |
| നീ പെയ്തൊഴിയാതെ | 79 |
| യുറാനസ് | 81 |
| चतुर मेंढक | 82 |
| Alexander Fleming | 83 |
| നിപ്പാ | 84 |
| Let's have some fun | 86 |

| | |
|---|---|
| മോഹങ്ങൾ | 88 |
| Let 's Work up our brain | 89 |
| Poster | 90 |
| ജീവനില്ലാത്ത കുപ്പായങ്ങൾ | 91 |
| നന്ദി | 92 |

# മരം



നാളെയുടെ ചക്രങ്ങൾ ഇരുളും തോറും

വജ്രങ്ങൾ പോൽ തിളങ്ങുന്ന

മാനവ ചിന്തയിൽ നീയില്ല

ഹേ പട്ടവൃക്ഷമേ നീയില്ല ,നീയില്ല......



കാലത്തിൻെറ കുത്തൊഴുക്കിലും

പതറാത്ത നിൻ സ്മൃതികൾ

മൃത്യുവിൻ മഴ ചിന്തയിലേക്കെറിയും

ഇന്നല്ലെങ്കിൽ നാളെ.......

നീ നിൻെറ പച്ചിലയും ,ചില്ലയും

നീട്ടി നിസ്സഹായതയുടെ കായ്പ്പ നീരിറക്കിയാണ്

എങ്കിലും ഓർക്കാ സ്വയമേ തീർത്ത

വറ ചട്ടിയിൽ താനേ എരിയുന്ന മാനുഷർ.

**-അദ്വയ.എസ്.എസ്**

# Pearls Of Wisdom



I wandered lonely as a cloud
that floats on high a'er vales and hills

When all at once I Saw a crowd
a host of golder daffodils

Beside the lake , beneath the trees
fluttering and dancing in the breeze
continuous as it starts that shine
and twinkle on the milky way .



They stretched in never-ending
along the margin of bay

Ten thousand saw I at a glance
tossing their heads in sprightly dance

The waves beside them danced ,but they
out did the sparkling waves in glee
a poet could not but gay
in such a jocund company

I gazed-and gazed- but little thought
what wealth the show to me had brought
for often when on my couch I lie
in vacant or in densive mood

They flash upon that inward eye
which is the bliss of solitude ,
And then my heart with pleasure
fills
and dances with the daffodils...



-Niya fathima

# മലനിരകൾ ഭൂമിയെ ചുംബിക്കുന്നുണ്ട്..



നിഗൂഢമായ എന്തൊക്കെയോ..
ഒളിപ്പിച്ച വെച്ച കാട്..
നിശബ്ദതയുടെ സംഗീതം....
തണുത്ത കാറ്റ്..
ആകാശം കൈയെത്തും ദൂരത്ത്...
വിശേഷണങ്ങൾ തീരില്ല...
അത്രയ്ക്ക് സുന്ദരിയാണ് വയലട

മീശപ്പുലിമലയിലെ മഞ്ഞും മലബാറിന്റെ ഗവിയായ വയലടയുമാണ് ഇപ്പോഴത്തെ ടൂറിസ്റ്റ് ട്രെന്റ്. വായിച്ചറിഞ്ഞ വയലടയുടെ ഭംഗി കാണാനാണ് ബാലുശ്ശേരിയിലേക്ക് യാത്ര തിരിച്ചത്.വയലട സുന്ദരിയാണെന്ന കാര്യത്തിൽ സംശയമില്ല. ഈ യാത്ര തിരിച്ചിറങ്ങിയപ്പോൾ ആ സൗന്ദര്യത്തോടു ചോദിക്കാൻ ഒരു ചോദ്യം മാത്രമേ മനസ്സിൽ ഉണ്ടായിരുന്നുള്ളൂ. "എവിടെയായിരുന്നു ഇത്രയും കാലം..?"



വിനോദസഞ്ചാരത്തിന് ഇത്രയേറെ പ്രാധാന്യം നൽകുന്ന കേരളം വയലടയെ അവഗണിക്കുകയാണോ അതോ കാണാതെ പോവുകയാണോ എന്ന സംശയവും പേറിയാണ് വയലടയിൽ നിന്ന് തിരിച്ചെത്തിയത്.

വയലടയിലേക്കുള്ള വഴി വളരെ ദുർഘടമാണ്. സർക്കസ് പഠിച്ചാൽ എളുപ്പംലക്ഷ്യത്തിലെക്കെത്താകുന്ന ഒരിടം . കുത്തനെയുള്ള കയറ്റങ്ങളിലൂടെയൊക്കെയാണ് യാത്ര.. ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ വയലട കേന്ദ്രീകരിച്ച് വികസന പദ്ധതികൾക്ക് രൂപംകൊടുത്തിട്ടുണ്ടെങ്കിലും നടപ്പാക്കി തുടങ്ങിയിട്ടില്ല.. ബാലുശ്ശേരി ടൗണിൽനിന്ന് ഏഴ് കിലോമീറ്ററോളം വടക്കാണ് മല സ്ഥിതിചെയ്യുന്നത്. ബാലുശ്ശേരി ടൂറിസം കോറിഡോർ പദ്ധതിയിൽ വയലടമലയും ഉൾപ്പെടുത്തിയിട്ടുണ്ട്. ജില്ലയുടെ കിഴക്കൻ മലയോര

മേഖലയിൽപെട്ട പനങ്ങാട് പഞ്ചായത്തിലെ വയലട, സമുദ്രനിരപ്പിൽനിന്ന് രണ്ടായിരത്തോളം അടി ഉയരത്തിലാണ് ഇവൾ തലയുയർത്തി നിൽക്കുന്നത്.

ഹെയർപിൻ വളവുകൾ താണ്ടിയുള്ള യാത്രയിൽ മലകളുടെ പ്രകൃതിസൗന്ദര്യം ആവോളം ആസ്വദിക്കാം. വെള്ളച്ചാട്ടങ്ങളും യാത്രക്ക് കുളിര് നൽകും. വയലടയിലത്തെിയാൽ ഇവിടെതന്നെയുള്ള ഏറ്റവും ഉയരം കൂടിയ കോട്ടക്കുന്ന് മലയിലേക്കും മുള്ളൻപാറയിലേക്കുമാണ് പോകേണ്ടത്. കോട്ടക്കുന്ന് മലയിലെ പ്രകൃതിഭംഗിയും കാലാവസ്ഥയും വിനോദസഞ്ചാരികൾക്ക് ഹരംപകരുന്ന കാഴ്ചയാണ്.

മുള്ളൻപാറയിൽനിന്നും കക്കയം, പെരുവണ്ണാമൂഴി റിസർവോയറിന്റെയും കുരാച്ചുണ്ട്, ചക്കിട്ടപാറ, പേരാമ്പ്ര ടൗണിന്റെയും അറബിക്കടലിന്റെയും വിദൂരദൃശ്യവും മനോഹരമാണ്.



മലമടക്കുകളിൽനിന്ന് താഴോട്ട് ഒഴുകുന്ന നിരവധി നീർച്ചാലുകളും ഇവിടെ കാണാം.

പാറക്കെട്ടുകളും പക്ഷികളും തണുത്ത കാറ്റും... വയലട വായിച്ചതിനേക്കാൾ മനോഹരമാണ്.. പരസ്പരമുള്ള കൊച്ചുവർത്തമാനങ്ങൾ പോലും കേരളത്തിന് ഇന്ന്അന്യമായി കൊണ്ടിരിക്കുകയാണ്. എന്നാല് വയലട നഷ്ടപ്പെടുന്ന നന്മകളുടെയൊക്കെ ഓർമപ്പെടുത്തലാണ്.

മഴക്കാലത്ത് നിരവധി നീർച്ചാലുകൾ കാണാനാവുമെന്നാണ് നാട്ടുകാർ പറയുന്നത്. പ്രകൃതിയുടെ വശ്യമനോഹാരിത ഇഷ്ടപ്പെടുന്നവരെ വയലട ഒരിക്കലും നിരാശരാക്കില്ല എന്നതുറപ്പാണ്. പക്ഷികളുടെ ഗീതമാണ് വയലടയുടെ ശബ്ദം.. മഞ്ഞുകണങ്ങളാണ് വയലടയുടെ മുഖം.. പ്രകൃതിയുടെ പച്ചപരവതാനിയാണ് വയലടയുടെ സൗന്ദര്യം. പ്രകൃതിയിലേക്ക് മനുഷ്യൻ മടങ്ങിപോകേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.സഞ്ചാരികളേ വരൂ ഈ വയലടയെ ഒന്ന് മെല്ലെ തൊട്ട് നോക്കൂ..

നിങ്ങൾ കാണാനിഷ്ടപ്പെടുന്നതൊക്കെയും ഇവിടെയുണ്ട് . യാത്ര തുടങ്ങുമ്പോൾ തന്നെ മലമുകളിലുള്ള പുൽമേട്ടുകൾ കാണാം. ആശിക്കുന്നതൊക്കെയും ആകാശകാഴ്ചപോലെയെന്ന കാഴ്ചയാണ് വയലടയിലേക്കുള്ള വഴികൾ സമ്മാനിക്കുക. താഴെ നിന്നുള്ള പുൽമേടിന്റെ കാഴ്ചകൾ പോലും അത്രയും മനോഹരമാണ്

കോഴിക്കോടൻ ഗവി എന്നറിയപ്പെടുന്ന വയലടയെക്കുറിച്ച് ഭൂരിഭാഗം കോഴിക്കോട്ടുകാരും അറിഞ്ഞിരുന്നില്ല എന്നതാണ് സത്യം. നഗരത്തിന്റെ മടുപ്പിൽ നിന്നും പ്രകൃതിയിലേക്കുള്ള തിരക്കാണ് വയലട. വന്നവർ വീണ്ടും വീണ്ടും വയലടയിലേക്ക് വരുന്നു, എത്ര കണ്ടാലും അനുഭവിച്ചാലും നിർവചിക്കാനാകാത്ത അനുഭൂതിയാണ് അവിടം നമുക്ക് സമ്മാനിക്കുക. വളഞ്ഞും പുളഞ്ഞും കയറിയും ഇറങ്ങിയുമുള്ള മലമ്പാതകൾ. പാതയുടെ ഇരുവശത്തും കൊക്കകളും മലയിടുക്കുകളും അതിനിടയിലൂടെ ഒലിച്ചിറങ്ങുന്ന കാട്ടരുവികളും കാണാം. ചില പ്രദേശങ്ങളിൽ തേയില, റബ്ബർ കൃഷികളുമുണ്ട്. സമുദ്ര നിരപ്പിൽനിന്ന് രണ്ടായിരത്തിലേറെ അടി ഉയരത്തിലാണ് വയലട നിൽക്കുന്നത്. വയലട മലനിരയിൽ ഏറ്റവും ഉയരമുള്ള കോട്ടക്കുന്ന് മലയിലെ കാലാവസ്ഥയും പ്രകൃതി ഭംഗിയും അവിടത്തെ പ്രധാന ആകർഷണങ്ങളിൽ ഒന്നാണ്. വയലടയിലെ മുള്ളൻപാറയും പ്രസിദ്ധമാണ്. പേരു സൂചിപ്പിക്കുന്നത് പോലെതന്നെ മുള്ളുകൾ നിറഞ്ഞ പാതയാണ് മുള്ളൻപാറയിലേത്. അവിടേക്ക് നടന്ന് വേണം കയറാൻ. ആ യാത്ര സഞ്ചാരികൾക്ക് എന്നും അവിസ്മരണീയമായിരിക്കും. കുത്തനെയുള്ള മലകയറി ഒടുവിൽ ചെന്നെത്തുന്നത് മുള്ളുകൾ പുതച്ച പാറയുടെ മുകളിലാണ്. മുള്ളൻപാറയിൽ നിന്ന് നോക്കിയാൽ കക്കയം ഡാം കാണാം. ആകാശ നീലിമയും കാട്ടുപച്ചയും നീരുറവകളും സംഗമിക്കുന്ന വയലടയുടെ ദൃശ്യങ്ങൾ കണ്ണിന് കുളിർമയേകുന്ന കാഴ്ചകയാണ്.

യാത്രകൾ ഒരു സ്വപ്നത്തിൽ നിന്ന് മറ്റൊരു സ്വപ്നത്തിലേക്കുള്ള ദൂരമാണ്.
തിരിച്ചറിവിലേക്കുള്ള യാത്ര.
മനസ്സിനെ തണുപ്പിക്കാൻ
വയലടയുടെ കോടമഞ്ഞിനു കഴിയും...
യാത്ര കഴിഞ്ഞ് തിരിച്ചിറങ്ങുമ്പോൾ
ബാക്കിയായത് ഒരു പിടി നല്ല
ഓർമകളാണ്..



യാത്രകൾ ഇഷ്ടപ്പെടുന്നവർക്ക് വയലട ഒരുക്കി വെച്ചത് വിസ്മയങ്ങളുടെ അപൂർവ്വ സൗന്ദര്യമാണ്. ഈ മലയോരം കാത്തിരിക്കുന്നു... കൈയെത്തും ദൂരത്തെ അകാശകാഴ്ചയിലേക്ക്. ഭൂമിയിലെ എല്ലാ സൗന്ദര്യത്തിന്റെയും സമന്വയം.. കല്ലുകൾ പോലും കഥ പറയുന്ന വഴികൾ. മഞ്ഞുകണങ്ങൾ നൃത്തം ചെയ്യുന്ന **മലയോരം..**

**-നേഹ.എ.എസ്**

# പ്രളയ കാഴ്ച്ചകൾ

കണ്ടു ഈ വിധം ക്രൂരമാം
പ്രളയത്തിൻ

നെഞ്ചു പിടയുന്നെൻ കൂട്ടുകാരെ

സ്വന്തമായുള്ളതും
സ്വന്തക്കാരുമെൻ



ഓർമ്മയിൽ മാത്രം ബാക്കിയായി

എന്തിനീ ക്രൂരത ഇന്നെൻ മനസ്സിൻെറ



ചിന്തയിൽ പ്രളയമായി
ഒഴുകുകയായി

ഇനിയെത്ര കാലം ഈ നാടിൻെറ
നിർമിതിക്കായ്

നമ്മൾ ഒത്തീടണം

അരുതെന്ന് പറയണം കുന്നുകൾ കാക്കണം

ഭാവി തലമുറയ്ക്കായി വെക്കാം

നാളെ എന്നൊന്നുണ്ട്, നല്ലോണം ഓർത്ത് നാം

നാടിൻെറ കാവലാളായി മാറാം.

–നിയ ശശികുമാർ


# कलम तलवार से ताकतवार है

लेखक योद्धा से भी महान है। दुनिया के किसी भी परिवर्तन के पीछे एक कलम है। लोग भय के कारण हि अत्याचारी राजा का आदर करते हैं । उसकी मृत्यु के बाद लोग उस भूल जाते हैं।



लेकिन साहित्यकार की कलम प्रभावशाली है । उसे मृत्यु के बाद भी लोग याद करते हैं । समाज में प्रचरित अंधविश्वासों और आनाचारों का निवारण केवल एक शासक से संभव नहीं है। लेकिन लेखक

अपनी तूलिका से इन बातों का चित्रण करता है। रबींद्रनाथ ठाकूर , कबीर दास आदि महान लेखकों ने समाजिका परिवर्तन के लिए तूलिका चलायी है। अनेक योद्धाओं ने देश के लिए अपना सर्वस्व छोड दिया।




लेकिन सामाजिक परिवर्तन केवल उनके द्वारा संभव नहीं है । लेखकों की कमल जन – हृदय में परिवर्तन पहुंचाने और सामाजिक क्रांति पैदा करने में समर्थ है ।

हिमा . सी

# Picture Drawn Using GIMP



-Devatheertha.V

# Mathematical puzzles


Q): 1+ 4=5

2+5=12

3+6=21

8+11=?

Ans: A B




1 + 4 =5

2 + 5 =12

3 + 6 = 21

8 + 11= ?

A+(B x A)

1+( 4 x 1) =5

2+(5 x 2)=12

3+(6 x 3 )=21

8 x(11 x 8)=96

therefore, 8 +11=96

2 nd way

1 + 4 = 5

2 + 6 =12

3 + 6 = 21

8 + 11= ?



we can add the first answer with ll question, second answer with the third question and so we will get the answer.

That is,

1 + 4 = 560 + 7 + 10=77

77 + 8 + 11=96



5 + 2 + 5 =12

12 + 3 + 6 = 21

21 + 4 + 7= 32

32 + 5 + 8 = 45

45 + 6 + 9= 60

60 + 7 + 10=77

77 + 8 + 11=96

-**Ancia S Babu**

# എന്നിലെ ദീപം




ഞാൻ ആവുന്ന ചെടിയെ നട്ടുനനച്ചു വളർത്തിയെടുക്കുന്ന തോട്ടക്കാരൻ ആവുന്ന അദ്ധ്യാപകർ. ചെടി മണ്ണിനെ സ്നേഹിക്കുന്നതുപോലെ എന്നെ പുസ്തകത്തോട് അടുപ്പിച്ചത് അധ്യാപകരാണ്. അദ്ധ്യാപകർ എന്ന ഞാൻ പറയുമ്പോൾ എൻെറ മനസ്സിൽ അറിവ് പകർന്നു തരുന്നത് ആരാണോ അവരാണ് അധ്യാപകർ. പൂവിലെ പുഴുക്കളെ കേടുപാടും കൂടാതെ എങ്ങനെ സംരക്ഷിക്കാം എന്ന വേവലാതി പെടുന്നവരാണ് അധ്യാപകർ. ഇനി എൻെറ ജീവിതത്തിലേക്കു കടക്കാം ഒന്നാം ക്ലാസ് മുതൽ ഒമ്പതാം ക്ലാസ് വരെ എനിക്ക് നല്ല അറിവ് പകർന്നു തന്ന ഏറെ അധ്യാപകരുണ്ട്. അവരെയൊക്കെ ഞാൻ ഇന്നും ഓർമിക്കുന്നുണ്ട്, ബഹുമാനിക്കുന്നുണ്ട്. നാലാം തരത്തിൽ പഠിക്കുമ്പോൾ ആദ്യമായി എനിക്ക് കലാപരമായ കഴിവുണ്ടെന്ന് തെളിയിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്ത ആദ്യ അധ്യാപികയാണ് ഹിമ ടീച്ചർ. തുടർന്ന് എല്ലാവരും എന്നെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു. ഇന്നും ഞാൻ ആ കഴിവിനെ ഇഷ്ടപ്പെടുന്നു. അതുപോലെതന്നെ എനിക്ക് അറിവ് പകർന്നു തന്ന എല്ലാവരേയും ഞാൻ ഇഷ്ടപ്പെടുന്നു.

**– അർച്ചന ആനന്ദ്**

# ഒരു മുത്തശ്ശികഥ



പണ്ടൊരു കാട്ടിൽ ഒരു മുത്തശ്ശിയും രണ്ട് കൊച്ചുമക്കളും ഉണ്ടായിരുന്നു. ആ മക്കളുടെ പേരാണ് ഉണ്ണികുട്ടനും ഉണ്ണിമായും .കണ്ടാൽ വറും കുസൃതി കുട്ടികൾ. ഒരു ദിവസം അവർ കാട്ടിൽ നടക്കുകയായിരുന്നു.അപ്പോൾ ഒരു കൊച്ചു മുന്തിരി തോപ്പ് കണ്ടു. അവർ മുത്തശ്ശിയെയും കൂട്ടി ഓടി ആ തോപ്പിലെത്തി. മുന്തിരികൾ പറിക്കാൻ നോക്കുമ്പോൾ ഒരാന വരുന്നത് കണ്ടു. ഉണ്ണികുട്ടനും ഉണ്ണിമായയും പേടിച്ചു. അവർ മുത്തശ്ശിയുടെ പിറകിൽ ഒളിച്ചിരുന്നു. മുത്തശ്ശി പറഞ്ഞു മക്കളെ നിങ്ങൾ പേടിക്കണ്ട, ആന ഒന്നും ചെയ്യില്ല. അതുകേട്ട് അവർക്ക് ആശ്വസമായി. പിറകിൽ നിന്ന് മാറി അവർ ആനയെ ശ്രദ്ധിച്ചു ആന ഒന്നും നോക്കാതെ എങ്ങോട്ടോ ഓടി.

ഉണ്ണികുട്ടനും ഉണ്ണിമായയും ആ ദിവസം കളിച്ചു രസിച്ചു. പിറ്റേദിവസം അവർ ആ കാട്ടിൽ പോയപ്പോൾ ആനയെ കണ്ടു. ആനയോടുള്ള പേടി മാറി. ആനപ്പുറത്ത് കയറി മുന്തിരികൾ പറിച്ച് കുറച്ചു കഴിക്കുകയും കുറച്ചു മുത്തശ്ശിക്ക് കൊടുക്കുകയും ചെയ്തു.

**–ദേവനന്ദ.എം.എസ്**

# ജീവൻ

ഒരുപാട് സ്നേഹം കൊതിച്ച ഞാൻ

എൻെറ ജീവൻെറ ജീവനായി കാത്തു ഞാൻ

ഇനി എൻെറ നൊമ്പരം കേൾക്കുവാൻ

ആരുണ്ട് ആരുണ്ട് പാരിൽ?



തേടി ഞാൻ അലയുന്നു

എങ്ങാണെന്നറിയാതെ

പ്രാണനായി അലയുന്ന എൻ പ്രിയതമനെ

കാക്കേണേ ദൈവമേ, കേൾക്കണേ ദൈവമേ

പ്രാണനായി വായുവിൻ കാക്കണേ നീ

എൻ പ്രാണനായി വായുവിൻ കാക്കണേ നീ.

**–വിസ്മയ**

# COMPUTER



While world in the this generation we can't live without electronics like computer ,phone,etc. There are facing many problem through the social media .There are many merits and demerits . If we are using this types of things we must use it carefully. When the computer is invented by the famous scientist Charles Babbage ,he invented it for using this and not for any miss use. The people in this world are selfish . So lets always remember to use those media's and electronics wisely and carefully without miss using.



-Aysha. V.k

# മലയാളം



മലയാളമാണ് എൻെറ ഭാഷ

എന്ത് മഹനീയമാപ്പേരു കേൾക്കാൻ

മലകളും പുഴകളും പാടുന്ന നാട്ടിൽ

മരതകം ചാർത്തുന്ന ഭാഷ

എന്നും മലയാളമാണ് എൻെറ ഭാഷ

അമ്മതൻ മുലപ്പാലിൻ വീര്യ

മുൾക്കൊള്ളുന്നൊരെൻ

ഭാഷയാണെൻ മലയാളഭാഷ

ഓർക്കുന്ന നേരവും കേൾക്കുന്ന

നേരവും കുളിരേകും എന്നുടെ ഭാഷ

എന്നും മലയാളമാണ് എൻെറ ഭാഷ

**-അനേയ.ജോയ്**

# The Tremendous Changer




There was a cute guy named Rahul who always Felt lonely and Being Lonely . After the death of his parents in an accident he started live in an orphanage which provided almost all the facilities. Rahul was avoided by the children in his School as well as in the orphanage he had no friends no one to share or Express his feelings . He was totally a lonely guy which is apart from our thoughts. As usual when he was sitting in his room some kind of bottle scroll down and picture in his leg. it was a bottle of alcohol. He couldn't recognise it . Knowing nothing about it and no one to ask something about started to drink it thinking that it would be some kind of juice. Then day by day he started to drink it and got addicted towards it. Normally we say it as drug addiction.




Each and every part of his body started to change physically and mentally. He started to behave rudely to the children in his class and left the school. Mean while, a new teacher came to his class, who was so understanding and friendly. Noticing attendance of Rahul teacher

inquired about human decided to being back Rahul as a normal student. The teacher work hard for his progress, the teacher started

to meet him daily in the orphanage and brought him back. She fulfilled his loneliness hand made in the class topper of that year . After

some years he became a renowned business man all over India . During a speech in an award function he told that "TODAY if a businessman Rahul lives , it's only because of my teacher My mother." later after his progress Rahul was adopted by his teacher.

" A child's first teacher is its Mother"



-Shelna Shibash

# പ്രവാസജീവിതം ഒരു അച്ഛനിലൂടെ



കുടുംബ പ്രാരാബ്ദം തലയിലേറി

പരിഹാരമെന്നപ്പോൾ യാത്രയായെന്നച്ഛൻ

വെള്ളമില്ല മരുഭൂമി നാട്ടിലേക്ക്.

രാപ്പകൽ ഇല്ല അധ്വാനിക്കുമെന്നച്ഛൻ

എൻ കുടുംബത്തിനന്നത്തിനായ്

ആരോഗ്യം നോക്കാതെ, ആയുസ്സ് നോക്കാതെ

കഷ്ടപ്പെട്ടു എൻ അച്ഛൻ എനിക്കുവേണ്ടി.

അച്ഛനെ കാണാതെ തീരാ ദുഃഖത്താൽ

കഴിയുന്നു ഞങ്ങളിവിടെ നാട്ടിൽ

ഇനി എന്നാണ് എന്നാണ്;

യന്നച്ഛൻ പ്രാരാബ്ദം തീരുക

ഒരു നോക്കുകാണുവാൻ കാത്തിരിക്കുന്ന

എന്ന അച്ഛനെ ഞാൻ.......



-ഹനാ നൗറിൻ

# Quotes

1. You must be the change you wish to see in world

-Mahatma Gandhi

-

2. There are only two ways to live your life. Once is as though nothing is a miracle.

The other is as though every thing is a miracle.

- Albert Einstein

3. Weak people revenge

Strong people forgive

Intelligent people ignore

-Albert Einstein

4. Some of the brightest minds in the country can be found on the last benches of the classroom.

-A P J Abdul Kalam

5. Work hard in Silence, let your success be your noise.

-Franks Ocean

6. It is very easy to defeat someone, but it is very hard to win someone.

-Dr.A.P.J Abdul Kalam

7. The best and most beautiful things in this world cannot be seen or even

touched they must be felt with the heart.

-Helen Keller

8. All the effort in the world will not matter if you are not inspired.

-Chuck Palahniuk

9. Don't waste your time with expansion, people only hear what they want to hear.

-Paulo Choelho

10. Anyone can dead with victory ,only the mighty can bear defeat.

- Adolf Hitler

11. Take care of your body. Its the only place you have to live.

- Jim Rohn

12. When one door is closed don't you know ,another is open.

--Bob Marely

13. I don't know who invented high heels ,but all women owe him a lot.

-Marilyn Monroe

14. Start with what is right rather than what is acceptable.

-Franze Kafika

**-Huda Febin**

# സൗഹൃദം

വിരിയുന്ന പൂവിലെ നിറയുന്ന
സുന്ദര

ഗന്ധമായി വന്നിട്ടും നിന്നിലെ
സൗഹൃദം

നിറമുള്ള പൂവായി അറിയുന്നു
നിന്നെ ഞാൻ




നിറമേകും എന്നിലായി നിൻ വർണ്ണവിസ്മയം

കറയില്ല നിന്ന് സ്നേഹം തന്നു കരുത്ത് ഏറെ

കുറയുന്നു മറയുന്നു മുറിവിൻെറ പാടുകൾ

നിഴലായി തണലായി നീയില്ല കാലമിൽ

നീറി കഴിഞ്ഞു ഞാൻ ഏറെയും നേരമിൽ

തീരാത്ത ചിന്തയിൽ തനിയെ ഇരുന്നു അന്ന്

തോരാത്ത കണ്ണീരിൽ കൈ പൊന്ന് അറിഞ്ഞു ഞാൻ......

അരികിലായി നീയെങ്കിൽ നിറയില്ല എൻെറ മിഴികളും

നിറയെ നീ തന്നിട്ടും സാന്ത്വന മൊഴികളും

മറു പോലെ വന്നിട്ടും നിന്മൊഴി മുത്തുകൾ

മാത്രമാണിന്ന് എന്നിൽ ഏകയാ സ്വത്തു



ഒഴുകിടും നിൻെറ സ്നേഹം തഴുകിടും എന്നെയും

മിഴികളിൽ ആനന്ദ കുളിരായി വന്നു നീ

വഴികളിൽ നിറയുന്ന നോവേകും മുള്ളുകൾ

നിൻ നിഴൽ കണ്ടാൽ വഴിമാറുന്നകലെയായി

അറിയുന്നു ഞാൻ ഇന്ന് നിൻ സ്നേഹ ഗന്ധവും


നിറയുന്നു എന്നിൽ നിൻ സൗഹൃദ ബന്ധവും

**–ഷഹാന.കെ.സി**

# ജെർമേനിയം



റഷ്യൻ ശാസ്ത്രജ്ഞനായ
ദിമിത്രി ഇവനോവിച്ച് മെൻഡലീവ്
1871–ൽ പീരിയോഡിക് ടേബിളിൻെറ
രൂപത്തിൽ മൂലകങ്ങളെ അണിനിരത്തി.
ആറ്റോമിക നമ്പർ
32 ആയ ഒരു മൂലക




ഉണ്ടെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ഇതിന് അദ്ദേഹം താൽകാലികമായി എക്കാ സിലിക്കൺ എന്നു പേരിട്ടു.
1886 –ൽ ജർമൻ ശാസ്ത്രജ്ഞനായ ക്ലെമെൻസ് വിൻഗ്ലർ  അർജിറോസൈററ് അയിരുകളെക്കുറിച്ച് പഠിക്കുകയും അപഗ്രഥിക്കുകയും ചെയ്തു. ഇതിൽ കുറഞ്ഞ അളവിൽ സിൽവർ സൾഫൈഡ് അടങ്ങിയിരിക്കുന്നു. ലോഹത്തിനും അലോഹത്തിനു ഇടയിലുള്ള ഈ ഉപ ലോഹത്തെ അദ്ദേഹം ജെർമേനിയം എന്നുവിളിച്ചു.

**–മയൂഖ മനോജ്**

# വിദ്യ

വിത്തമെന്തിനു മർത്യനു
വിദ്യ കൈവശമാകുകിൽ
വെണ്ണയുണ്ടെങ്കിൽ നറുനെയ്
വേറിട്ടു കരുതേണമോ
വിദ്യ വിട്ടു നരന്നമോ
വിശ്വംഭര വാഴുവാൻ
ആയുധം കൈയിലേറാത്തോ
നടരാടവതെങ്ങനെ?
പുറം കണ്ണു തുറപ്പിപ്പൂ
പുലർവേളയിൽ അംശുമാൻ
അകക്കണ്ണു തുറപ്പിക്കാൻ
ആശാൻ ബാല്യത്തിലെത്തണം.

–ഫാമിദ

# India After Independence

India is the world's largest democracy. It is the only country in Asia that has remained democratic ever since it attained its independence from British rule.




After a long and difficult freedom struggle, India attained her independence from British rule in 1947. But this independence came with the partition of the country. A new state of Pakistan was created with portions of Western and Eastern India, taken away from the Indian map.


The Times of India

BIRTH OF INDIA'S FREEDOM

NATION WAKES TO NEW LIFE

Mr. Nehru Calls For Big Effort From People

"INCESSANT STRIVING TASK OF FUTURE"

Assembly Members Take Solemn Pledge

WILD SCENES OF JUBILATION IN DELHI

NEW CABINET OF INDIA

STATE VISIT TO KARACHI

LORD MOUNTBATTEN GREETS PAKISTAN

Mr. Jinnah Re-Affirms Firm Friendship With Britain

FRENZIED ENTHUSIASM IN BOMBAY

Crowds In Festive Mood

Independence arrived in India not only with "multiplicity of heritages and legacies" but also with the pangs that cost dislocation of population on both sides. India inherited the Legacy of British rule- a system administration, an army, and a democratic form of government based on the government act of 1935.

-Diya A K

# വിധിയുടെ വിലാപം

ആരോ പറയുന്നു ജന്മഭൂമി

നിൻ മകളുടെ ഹൃദയം നിലച്ചുപോയി

പക തന്റെ വിത്തുകൾ മുളപൊട്ടി വന്ന്
ആരോഗ്യസംരക്ഷണം കൂടെയും

നിൻ മേനിയിൽ ചോര
വിതറിയെന്നോ

നിൻ ഹൃദയം അവർ മൂന്നായി
മുറിച്ചുവെന്നോ

അത് ഹിന്ദുവും ക്രിസ്ത്യനും
ഇസ്ലാമുനമായിരിക്കും



ക്ഷേത്രങ്ങളിൽ പതിയെ മണിയുയർന്നു

പള്ളിതൻ മുകളിലായി ബാങ്കുയർന്നു

നിൻ മക്കൾ തൻ ഹൃദയത്തിൽ

പക തന്റെ ചെടിയിൽ ഉയർന്നുപൊങ്ങി.



വാളും പരിചയും കയ്യിലെടുത്തവർ

സഹോദരൻ തന്റെ തലയറുത്തു

ഹിന്ദുവും ക്രിസ്ത്യനും മുസൽമാനും

ഒന്നെന്ന കാര്യമവർ വിസ്മരിച്ചോ?

മതസൗഹാർദ്ദം വാഴുന്ന കാലത്തിനായി

നമുക്കൊന്നിച്ച് കാത്തിരികാം

ദീപ്രമായി ഭൂമിയൊന്നു തിളങ്ങീടട്ടെ

മനുഷ്യർക്കെല്ലാം സുഖം തരട്ടെ.

**– ഗീതിക.എൻ**

# The sound of nature




O, Its so sweet.
who am I
That would dare try to repeat
The loveliness of a tweet
The flutter of its wings
The tiny cute prints
Of a little birds feet.
The sound of nature
O, how beautiful Yet a far
Are raindrops against the
wind shield
Of a still parked car.
Each little drip drop runs
Caressing the mind so



intensely
Seemingly just to play a part
Or perhaps for the fun of it.

-Anjima Devi

# ആൽബർട്ട് ഐൻസ്റ്റീൻ




ജർമ്മൻകാരനായ ഗണിതശാസ്ത്രജ്ഞനായും ഊർജ്ജ ശാസ്ത്രജ്ഞനായും ആയ ആൽബർട്ട് ഐൻസ്റ്റീൻ "ആപേക്ഷിക സിദ്ധാന്തത്തിലൂടെ" പ്രശസ്തനായി.



ചലനം ആപേക്ഷികമാണെന്നും, ആയതിനാൽ മറ്റെന്തെങ്കിലും ആയി ബന്ധപ്പെടുത്തി മാത്രമേ ചലനം നിർവചിക്കാൻ സാധിക്കുകയുള്ളൂവെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. അളവിൽ മാറ്റം ഉണ്ടാക്കാത്തത് " പ്രകാശത്തിൻെറ വേഗത" മാത്രമാണെന്ന് അവർ സ്ഥിരീകരിച്ചു . അദ്ദേഹത്തിൻെറ കണ്ടെത്തലുകൾ ന്യൂക്ലിയാർ ബോംബിൻെറ നിർമ്മാണത്തിലേക്ക് വഴിതെളിച്ചു. ആറ്റം ബോംബിൻെറ കണ്ടുപിടുത്തം ഈ സമവാക്യത്തിൻെറ അനന്തര ഫലമായിരുന്നു.

$E=mc^2$

1995 ഏപ്രിൽ 18 ന് അദ്ദേഹം മരണമടഞ്ഞു.

–Neha Biju

# Programmes Conducted In Our School



## GATE Meeting







## Peer Group

# Mangalyan Drama





## Class Drama Of 8-D



# Other Achievements
## State Winners







## NCSC National winners



# Teacher's day



My teacher.....
A teacher should have
A special place
In every child's heart
Because in this game of life
the help them get their start
just want to thank you
for all things you have done
you are a very special teacher
And to me you are number one

–Diya Fathima M K

# പ്രതിസന്ധി

മഴ പോലെ പെയ്ത്തു ഒഴുകുന്നു

പ്രതിസന്ധികൾ

പരിഹാരം തേടിയലയുന്ന

പ്രതിസന്ധികൾ

തരണം ചെയ്തിടാൻ കൊതിക്കുന്നു

ഏതൊരുവനും ആത്മധൈര്യത്താൽ

നിയന്ത്രിക്കാൻ കഴിയുന്ന



പ്രതിസന്ധികൾ

ഇവ ജീവിതത്തിന്റെ സന്തുലനം

നിലനിന്ന ഇടുവാൻ വിധി

കൽപിച്ച ചില നിയമങ്ങൾ .

–ആദിത്യ.സി.എൽ

# ഏകാകി

എത്രപെട്ടെന്നാണ് ജീവിതം ഇരുളടഞ്ഞു പോയത് . ജീവിതം എന്നും ഒരു ആഘോഷമായിരുന്നു. മറ്റുള്ളവരെ മനസ്സിലാക്കാനോ, അവരുടെ വേദനകളെ അറിയുവാനോ ഒരിക്കലും ശ്രമിച്ചിരുന്നില്ല.



പത്താംക്ലാസ് വരെ മിടുക്കനായി പഠിച്ചു. വീട്ടുകാരുടെ പ്രതീക്ഷ വാനോളം ഉയർത്തി കൊണ്ടായിരുന്നു ഓരോ ക്ലാസുകളിലും വിജയിച്ചിരുന്നത്. ആർഭാടത്തോടെ അല്ലെങ്കിലും അത്യാവശ്യം കഴിഞ്ഞുകൂടാനുള്ള വകയൊക്കെ ഉള്ള കുടുംബമാണ്. ഒരിക്കലും തനിക്ക് ഒരു കുറവും ഉണ്ടാകാതിരിക്കാൻ അച്ഛനും അമ്മയും പ്രത്യേകം ശ്രദ്ധിച്ചിരുന്നു. രണ്ട് സഹോദരിമാരും താനും. ആകെയുള്ള ആൺതരി ആയതുകൊണ്ട് എല്ലാവരുടെയും വാത്സല്യ ഭാജനമായിരുന്നു . പ്ലസ് വൺ പ്ലസ് ടു കുഴപ്പമില്ലാതെ കഴിഞ്ഞുപോയി . ഡിഗ്രിക്ക് ചേർന്നപ്പോഴാണ് എബിയെ പരിചയപ്പെട്ടത്. വളരെ വലിയ ധനിക കുടുംബത്തിലെ അംഗമാണ് എബി . വിലകൂടിയ ഷർട്ടും,അത്യാധുനിക സൗകര്യങ്ങളുള്ള മൊബൈലും, ഏറ്റവും പുതിയ തരം ബൈക്കും, ഉള്ള എബി ക്യാമ്പസിലെ



ഹീറോയായി. എല്ലാവരും അവനുമായി കൂട്ടുകൂടാൻ മത്സരിച്ചു. താനും അവൻറെ ബൈക്കും, മൊബൈലും എത്ര കൊതിയോടെ നോക്കി നിന്നിട്ടുണ്ട്. ക്ലാസ്സിൽ നന്നായി പഠിക്കുന്ന കുട്ടിയായതു കൊണ്ടാവാം എബിയുടെ ശ്രദ്ധ തന്നിൽ പതിഞ്ഞത് . താനുമായുള്ള അവൻറെ സൗഹൃദം ക്ലാസ്സിൽ മറ്റുള്ളവരിൽ അസൂയ ഉളവാക്കി. എബിയുടെ മൊബൈലിലെ പല വിദ്യകളും കണ്ട് കണ്ണ് മഞ്ഞളിച്ചുപോയി. ആദ്യമായിട്ടാണ് ഇത്തരമൊരു ഫോൺ കാണുന്നത്. വാട്സ് ആപ്പിനെ കുറിച്ച് കേൾക്കാൻ തുടങ്ങിയിട്ടേ ഉണ്ടായിരുന്നുള്ളൂ. ഫേസ്ബുക്കും, വാട്ട്സ് ആപ്പും, സെൽഫിയും മനസ്സിനെ കീഴടക്കി. എങ്ങിനെയെങ്കിലും ഒരു ഫോൺ സ്വന്തമാക്കണം എന്നായിരുന്നു തൻറെ ചിന്ത. പഠനത്തിൽ ശ്രദ്ധിക്കാതെയായി , വീട്ടിൽ ആവശ്യമുന്നയിച്ചു. സ്നേഹത്തോടെ അച്ഛനുമമ്മയും നിരസിച്ചു . അതോടെ വാശിയായി. ആത്മഹത്യാശ്രമം നടത്തി . ആകെ തകർന്നു പോയ അച്ഛൻ മൊബൈൽഫോൺ വാങ്ങി തന്നു . എങ്ങനെയെങ്കിലും മകൻ നന്നാവട്ടെ എന്ന് വിചാരിച്ചു. ഫോൺ കിട്ടിയതോടെ ജീവിതം ഫേസ്ബുക്കിൽ ആയി. സെൽഫി എടുക്കുന്നത് ഒരു ഭ്രമമായി മാറി . എങ്ങനെ കൂടുതൽ ലൈക് കിട്ടുമെന്ന് ചിന്തയായി. പിന്നീട് അതിനുള്ള ശ്രമമായി. അച്ഛനോടോ അമ്മയോടോ സഹോദരിമാരോടോ സംസാരിച്ചിട്ടു മാസങ്ങളായി . മുഖമുയർത്തികൊണ്ട് അവരെ നോക്കുവാൻ സമയമില്ല . ജീവിതം മൊബൈലിൽ ആയി . ഭൂമിയിൽ ഈ മൊബൈലും താനും മാത്രം . അടുത്തുള്ള സഹപാഠികളും കുടുംബാംഗങ്ങളും തൻെറ ആരുമല്ലാതായി . അകലെയുള്ള ഏതൊക്കെയോ മനുഷ്യർ , തൻറെ സുഹൃത്തുക്കളായി . അതൊക്കെ യാഥാർത്ഥ്യമായിരുന്നോ ? കൂടുതൽ കൂടുതൽ ലൈക്കിനു വേണ്ടി സാഹസങ്ങൾ കാട്ടാൻ തുടങ്ങി . അങ്ങനെയാണ് കുന്നിൻമുകളിലെ പാറയെക്കുറിച്ച് അറിഞ്ഞത് . അവിടെനിന്ന് സെൽഫി എടുക്കണമെന്ന് തീരുമാനിച്ചത് . അതിന് എബിയുടെ പ്രോത്സാഹനവും കിട്ടി .അങ്ങനെ എബിയേയും മറ്റു രണ്ടു സുഹൃത്തുക്കളെയും കൂട്ടി

മലമുകളിലെത്തി . കുറേ സെൽഫികൾ എടുത്തു . പക്ഷേ അതൊന്നും മനസ്സിന് തൃപ്തി തന്നില്ല . കൂടുതൽ സാഹസികതയുള്ള ഒരു ഫോട്ടോയ്ക്ക് വേണ്ടി ചുറ്റും നോക്കി . അപ്പോഴാണ് പാറയുടെ അങ്ങേത്തലയ്ക്കൽ നിന്ന് സെൽഫി എടുക്കാം എന്ന് തീരുമാനിച്ചത് . അസ്തമ സമയമായതുകൊണ്ട്അവിടെ നിന്നുള്ള കാഴ്ച വളരെ മനോഹരമായിരുന്നു . പാറയുടെ അറ്റത്തുനിന്നുള്ള സെൽഫി എടുക്കാൻ ഉള്ള ശ്രമത്തിൽ കാൽവഴുതി . തൻെറ കയ്യിൽ എബി പിടിച്ചത് മാത്രമേ തനിക്ക് ഓർമ്മയുള്ളൂ . ഓർമ്മ വെയ്ക്കുമ്പോൾ ആശുപത്രിയിലാണ് . അച്ഛനും അമ്മയും സഹോദരിമാരും കണ്ണീരുണങ്ങാത്ത മുഖത്തോടുകൂടി നിൽക്കുന്നു .അവരുടെ സംസാരത്തിൽ നിന്നാണ് മനസ്സിലായത് ആഴ്ചകളോളം താൻ ബോധ ശൂന്യനായിരുന്നു . ശരീരത്തിലാകമാനം ഒടിവുകളും ചതവുകളും . നട്ടെല്ലിനേറ്റ പരിക്ക് ഗുരുതരമാണ് . ഇനിയൊരു ജീവിതം ഉണ്ടാകുമോ ആവോ ? മാസങ്ങളോളമുള്ള ആശുപത്രിവാസത്തിനുശേഷം വീട്ടിലെത്തി . അച്ഛൻെറ സമ്പാദ്യമെല്ലാം ആശുപത്രിയിൽ ചിലവായി . ഇപ്പോൾ ആകെപ്പാടെ ഒരു ശൂന്യത . അന്നത്തെ വീഴ്ചയിൽ മൊബൈൽഫോണും നഷ്ടപ്പെട്ടിരുന്നു . അമ്മയുടെയും അച്ഛൻെറയും സഹോദരിമാരുടെയും മുഖത്തുനോക്കാൻ ലജ്ജതോന്നി . പരാശ്രയം കൂടാതെ ഒന്നിനും കഴിഞ്ഞിരുന്നില്ല . എവിടെ തൻെറ ഫേസ്ബുക്ക് സുഹൃത്തുക്കൾ? ആരുമില്ല . പിന്നീട് എപ്പോഴോ അമ്മ പറഞ്ഞ് അറിഞ്ഞു , എബിയെ വിദഗ്ധചികിത്സയ്ക്ക് വേണ്ടി അമേരിക്കയിലേക്ക് കൊണ്ടുപോയെന്ന് . തൻെറ അച്ഛന് അതിനുള്ള കഴിവില്ലല്ലോ . ഇപ്പോൾ ദൈനംദിന ചിലവുകൾക്ക് തന്നെ ബുദ്ധിമുട്ടാണ് . ഇരിക്കാം എന്ന അവസ്ഥയായപ്പോൾ എല്ലാവരുടെയും കാരുണ്യം കൊണ്ട് ഒരു വീൽചെയർ കിട്ടി . ഇപ്പോൾ അതിലാണ് ജീവിതം . സഹോദരിമാരിൽ മൂത്തയാൾക്ക് ഒരു ചെറിയ ജോലിയുണ്ട് . ഇളയവൾ പഠിക്കുന്നു . പകൽ താൻ തനിച്ച് . 4 വർഷമായി ഈ ഏകാന്തത . ഇപ്പോഴെല്ലാം ശീലമായി . ഓരോദിവസവും നേരം വെളുക്കുന്നു

രാത്രിയാവുന്നു . പ്രത്യേകിച്ചൊന്നും ചെയ്യാനില്ലാതെ കടന്നു പോകുന്നു . എന്നെങ്കിലും എഴുന്നേറ്റ് നടക്കാൻ കഴിഞ്ഞാൽ ചെയ്തതിനൊക്കെയുള്ള പ്രായശ്ചിത്തം ചെയ്യണം .അതിനുള്ള ഒരു അവസരം ദൈവം തരുമോ ആവോ?
തൻെറ ചികിത്സയ്ക്കുള്ള പണത്തിനുവേണ്ടി അമ്മയും തൊഴിലുറപ്പിന് പോകുന്നുണ്ട് . " മോനേ നീ തനിച്ചിരുന്ന് മുഷിഞ്ഞോ" എന്ന അമ്മയുടെ ചോദ്യം സോനുവിനെ തൻെറ ഓർമകളിൽ നിന്നുണർത്തി .

**–അഭിന സജിത്ത്**

# പുഴ



മലകളിൽ നിന്നൊഴുകി

വന്നൊരു

പുഴയാണ് ഞാൻ

നല്ലൊരു പുഴയാണ് ഞാൻ

കുട്ടികൾ എന്റെ അടുത്തെത്തിയാൽ

ഓടിച്ചാടി ഇറങ്ങും അല്ലോ

കുട്ടികൾ നിന്നു കരഞ്ഞീടും

ഞാൻ നിങ്ങളുടെ പുഴയാണ്

അല്ല ഇത് ദൈവം

നിങ്ങളുടെ സ്വന്തം പുഴ

**–ലിസോണ**

# Bill Gates



Entrepreneur and business man Bill Gates(born October 28 , 1955) and his partner Paul Allen found and built the world's largest software business, Microsoft through technological innovation , keen business strategy and aggressive business tactics. In the process ,Gates become one of the richest man in the world . In February 2014,Gates announced that he was stepping down as Microsoft chairman to focus on charitable works at his foundation , "the Bill and Melinda Gates foundation".

In march 1986, Bill Gates took Microsoft public with an initial public offering (I PO) of $21 per share , making him a instant millionaire at age 31 .

-Sniya K J

# കലികാലം

അമ്പല മണി മുഴങ്ങുന്നു

അമ്പിളിക്കല മായുന്നു



ആമ്പൽ പൂക്കൾ ഉറങ്ങുന്നു



ആദിത്യൻ ചിരിക്കുന്നു

മുന്നിൽ ദീപം ജ്വലിക്കുന്നു

ഉള്ളിൽ മോഹം വാഴുന്നു

കാക്ക കരഞ്ഞു ചിരിക്കുന്നു

കാർമുകിൽ വിളറുന്നു

കാലൻ കലി തുള്ളുന്നു

കാലമതു പുച്ഛിക്കുന്നു

ജീവൻ ജീവനിൽ തുടിക്കുന്നു

ജീവിതപാത നീറുന്നു.



**–തീർത്ഥ.കെ.കെ**

# കേരളീയ ജനതയുടെ വികസനം



കേരളം– ദൈവത്തിൻെറ സ്വന്തം നാട്. വികസനത്തിൻെറ പാതയിൽ സഞ്ചരിച്ചുകൊണ്ടിരിക്കുന്ന നാട്. കൃഷിയാണ് കേരളീയ ജനതയുടെ അടിസ്ഥാനം. ഗ്രാമങ്ങളും, നഗരങ്ങളും, കുടിലുകളും, ഫ്ലാറ്റുകളും, പലചരക്കുകടകളും, ആഡംബരം ഹോട്ടലുകളും, സാധാരണക്കാരും ആധുനികരും എല്ലാം നിറഞ്ഞ നാട്.
കേരള എന്നു കേട്ടാൽ
" കേരങ്ങളുടെ നടുവിലൂടെ ചിന്നി ഒഴുകുന്ന, ഗ്രാമീണ കുട്ടികൾ, അടുത്തായി ചെറു വീടുകൾ" ഇങ്ങനെയുള്ള സങ്കൽപ്പങ്ങളിൽ നിന്നും എത്രയോ മാറ്റം വന്നിരിക്കുന്നു ഇന്ന് നമ്മുടെ നാടിന്.
ഇന്ത്യയിൽ 100% സാക്ഷരത കൈവരിച്ച നാടാണ് നമ്മുടേത്. അതു തന്നെയാവാം നമ്മുടെ വികസനത്തിൽ മുഖ്യ പങ്കുവഹിച്ചത് . നമ്മുടെ ജീവിതരീതിയിൽ തന്നെ ഇന്ന് ഏറെ മാറ്റം വന്നിട്ടുണ്ട്. ഈ കാലഘട്ടത്തിൽ



വികസനം എന്നത് അനിവാര്യമാണ്. ഉദ്യോഗം ആയാലും, വിദ്യാഭ്യാസം , പാർപ്പിടം , ഭക്ഷണം , വൈദ്യുതി എന്നിവ ഓരോ ജനങ്ങൾക്കും ലഭ്യമാക്കുക എന്ന നമ്മുടെ ലക്ഷ്യത്തിലൂടെ നമുക്ക് വികസനം സാധ്യമാവുന്നു.
ഇന്ത്യ എന്ന നമ്മുടെ രാജ്യത്തിൻെറ അടിസ്ഥാന തന്നെ കൃഷിയും ഗ്രാമീണ ജനതയും ആണ്. അതുകൊണ്ടുതന്നെ ഇന്ത്യയെപ്പോലെ കേരളവും, അതിനാൽ

കേരളത്തിൻെറ വികാസത്തിന് കൃഷിയുടെയും ഗ്രാമീണ ജനതയുടെയും വികസനം അനിവാര്യമാണ്. വ്യവസായ മേഖലയുടെ വികസനം പരിമിതപ്പെടുത്തി കൊണ്ടുള്ള സാമൂഹ്യ വികസനത്തിൻെറ ഒരു പ്രതിനിധിയായി കേരളം അങ്ങനെ മാറുന്നു. കേരളീയ ജനതയുടെ വികസനം നടത്തണമെങ്കിൽ വിജയകരമായ, വേഗതയുള്ള സാമ്പത്തിക വികസനത്തിലൂടെ മാത്രമേ സാധിക്കു എന്ന കേരളം തെളിയിക്കുന്നു. കേരളത്തിൻെറ വികസനം, വിദ്യാഭ്യാസത്തിലൂടെയും ആരോഗ്യ സംരക്ഷണത്തിലൂടെയും നേടാൻ കഴിയുമെന്ന് വീണ്ടും തെളിയിച്ചുകൊണ്ട് കേരളം അതിൻറെ 62ാം പിറവി ദിനത്തിലേക്ക് അടുക്കുന്നു.

**–ശ്രീരഞ്ജിനി.കെ.ബി**

# താക്കോൽ



അവനിൽ നിന്നും അടർന്നുവീണ

താക്കോൽ 'സ്നേഹ'മായിരുന്നു

അവനറിയാതെ അതിന് തുരുമ്പ് പിടിച്ചിരിക്കുന്നു

എന്നാൽ അവനു ഒരുമയുടെ

വാതിലുകൾ നഷ്ടപ്പെട്ടത് അവൻ അറിഞ്ഞില്ല

അവനറിയാതെ അതൊരു

അപ്രതീക്ഷിതമായ സ്വപ്നം മാത്രമായി.......

ഒരു സുപ്രഭാതത്തിൽ മങ്ങിപ്പോയ

ഇരുട്ടുകൾ തിരിച്ചുവന്നു........

ആരോ സൂക്ഷിച്ചിരുന്ന താക്കോൽ എന്തോ

ഉപകാരപ്പെട്ടു

അന്നാദ്യമായി അവനോർത്തു........

കളഞ്ഞുപോയ ആ പഴയ 'താക്കോൽ'!

–ഷഹാൻ.കെ.സി

# My teacher




Teacher!

The angel of knowledge,

the source of truth and wisdom,

who shows the magic of brain,

and love from the soul.

-Gayathri. S

# ഒറ്റയ്ക്ക്

അച്ഛൻെറ  സ്നേഹമോ ഇല്ല

അമ്മതൻ മാറിൽ കിടന്നില്ല

നെഞ്ചോരം ഉറങ്ങാതെ കൊച്ചു

പ്രാവിനെ  പോലെ അലഞ്ഞു

സ്നേഹവാത്സല്യവും കരുണയും തേടി

ഞാൻ ഒറ്റയ്ക്കായി ഇന്നും  വളർന്നു



എൻ വഴികളിൽ ഇന്നും ഞാൻ

ഒറ്റയായ് തന്നെ വളരുന്നു.

**–ശ്രീത്ത്യ .പി.കെ**

# Marie curie

Marie Curie was a French physicist with many accomplishment in both physics and chemistry,who conducted pioneering research on radioactivity.



Marie Curie originally named Mar ja Sklowdowska was born in Warsaw ,Poland on November 7,1867.Her just learning of physics came from her father who taught it in high school.

Curie thus began studying uranium radiation and made it her doctoral thesis with the aid of an electromates built by pierrie,Marie measured the strength of the radiation emitted from uranium compounds and found it proportional to period of time and influence by external conditions. She detected a similar immunable radiations in the compounds of thorium. While checking these results ,she made the discovery that uranium and the mineral chalcolite emitted 4 times as much as radiation as their uranium content. She realised that unknown elements , even more radioactive than Uraniummust be present . Then in 1898, she drew the revolutionary conclusion of the pitch blend contain a small amount of an unknown radioacting element. In the next year Curie's discovered two elements called polonium and radium. They now began the tedious and monumental task of isolating these elements . So that their chemical properties could be determined . During the next four years working in a leakly wooden shed they processed a ton of pitch blend, laboriously isolating from in a fraction of gram.

-Devananda R.R

# പൂമ്പാറ്റ



പുള്ളിയുടുപ്പിട്ട പാറി നടക്കുന്ന
പൂമ്പാറ്റേ

വള്ളിക്കുടിലിലെ ഊഞ്ഞാൽ
ആടുവാൻ വന്നാട്ടെ വന്നാട്ടെ

പൂന്തേൻ കുടിക്കുവാൻ

പൂന്തേൻ നുകരാൻ പോരാമോ പോരാമോ

മല്ലിക പൂത്തതും മുല്ല വിരിഞ്ഞതും

കണ്ടാട്ടെ കണ്ടാട്ടെ

ഇക്കരെ വന്നാലും അക്കരെ പോയാലും

പൂവുണ്ടേ പൂവുണ്ടേ

കാടായ കാടൊക്കെ ചുറ്റി നടക്കുവാൻ

പോന്നാട്ടെ പോന്നാട്ടെ.

–സ്വാതി

# A GOOD BEGINNING MAKES A GOOD ENDING.

Anything that beings well , ends well. Beginning lays the foundation . If the foundation is bad affect the end . If the initial steps are defective the later stages are bound to imperfect. That is why great importance is given to primary education .A student who has a sound primary education will find even the complicated subjects easy in later stages of education .At the same time a student with an imperfect schooling will struggle when he go for higher education. How ever hard he tries he can not achieve the desired result because of the bad beginning. There for, care should be taken to make a good beginning and sustain it in the later stages if the ending is to be good.

-Geethika

# तिरंगा

जितना प्यारा हमें हिमालय

जितनी प्यारी यमुना - गंगा

उतना ही प्यारा है हमको

फर-फर हुआ तिरंगा



रग सदा केसरिया हमको

नए - नए बलिदान सिखाता

और हरा हरियालि लाकर

भारत को संपन्ना बनाता

श्वेत रंग में भरी है

रहे विश्व जिससे खुशहाल

फिर अशोक का चक्र

अहिंसा का ऊंचा रखता है भाल

–दिया लक्शमी

# കലാലയം




ജീവിതത്തിൻെറ ഒരു ഭാഗമാണ് കലാലയം. കലാലയ ജീവിതത്തിൽ ഒരുപാട് ദുഃഖങ്ങളും, സന്തോഷങ്ങളും ഉണ്ടാവും. ഒരുപാട് മറക്കാനാവാത്ത ഓർമ്മകളാണ് നമുക്ക് കലാലയ ജീവിതത്തിൽ കിട്ടുന്നത്. എന്നിരുന്നാലും നമ്മുടെ മനസ്സ് മായാതെ കിടക്കുന്ന ഒന്നാണ് കലാലയം. കലാലയ ജീവിതം ആഘോഷിക്കാനും, ആസ്വദിക്കാനും ഉള്ളതാണ് . അതിലുപരി നമുക്ക് പഠിക്കാനും കൂടിയുള്ളതാണ്. പഠിക്കാൻ എന്നുപറഞ്ഞാൽ പുസ്തകത്തിലുള്ളത് മാത്രമല്ല, മറിച്ച് അനുഭവത്തിൽനിന്നും , ഗുരുക്കന്മാരിൽ നിന്നും എല്ലാവരിൽനിന്നും പഠിക്കാനുണ്ട്. അനുഭവമാണ് നമ്മുടെ ഏറ്റവും വലിയ ഗുരു. ശ്രദ്ധിച്ചും, അനുഭവിച്ചും, ജീവിക്കേണ്ട ഒരു സമയമാണ് കലാലയജീവിതം. കലാലയജീവിതത്തിൽ നമ്മൾ അനുഭവിച്ച ഒരുപാട് നല്ല ഓർമ്മകൾ ഉണ്ട്, യാത്രകൾ അതിലൊന്നാണ്. പഠനയാത്രകൾ ഓരോന്നും ഒരു അനുഭവമാണ്. അതിൽനിന്ന് നമുക്ക് ഒരുപാട് കാര്യങ്ങൾ



പഠിക്കാനുണ്ട്. ക്ലാസ്സ്മുറി ഓർമ്മകൾ അതിൽ ഏറ്റവും മികച്ച ഒന്നാണ്. അവസാന ബെഞ്ചിലെ ഇരുത്താം, പരീക്ഷ സമയങ്ങളിലെ ജനലരികിലെ ഇരുത്തം , ക്ലാസ്സിൽ വൈകിയെത്തുന്നത്, സമരം ഉണ്ടാകുമ്പോൾ സ്കൂൾ നേരത്തെ വിടുന്നത് , കടകളിൽനിന്ന് ഉപ്പിലിട്ട മാങ്ങ തിന്നുന്നത്, സുഹൃത്തുക്കളോടൊപ്പം കഥ പറഞ്ഞു നടക്കുക. ഇതെല്ലാമാണ് എൻെറ ജീവിതത്തിലെ കലാലയ ഓർമ്മകൾ......

**–ആമിന അർവ**

# സ്നേഹം

സ്നേഹമെന്തെന്നോ കണ്ണിൽ

വഞ്ചിതതുള്ളി പോൽ

സ്നേഹം വെട്ടിത്തിളങ്ങുന്ന

പകൽ പക്ഷികൾ പോലെ



സ്നേഹത്തിൻെറ വെളിച്ചമറിയാതെ

ജന്മങ്ങൾ എത്രയോ

ഒരിറ്റു സ്നേഹത്തിനായി അനാഥ
കുരുന്നുകൾ

കണ്ണുനീർ തൂകി കാത്തിരിക്കവെ

സ്നേഹത്തിൻെറ പൂന്തോട്ടത്തിനായി

അതിലെ പൂക്കളായി

പിഞ്ചു കുരുന്നുകൾ രോദിക്കുന്നു.

–ദേവതീർത്ഥ.വി

# Mercury (elements )




Mercury is a chemical element with symbol Hg and atomic number 80 it is commonly known as quicksilver and was formerly named hydragyium. A heavy silver D block elements mercury is the only metallic element that is liquid standard louditions for temperature and pressure, the only other elements that is liquid under these condition Bromine, though metal such as caesium,gallium,and rubidium melt just above room temperature. Mercury occurs in deposit throughout the world Mostly as Cinnabar (mercuric sulphide). The red pigment vermilions is obtained by grinding Natural Cinabar or synthetic mercuric sulphide.



Mercury is used in thermometer, barometer, manometer, Sphygmomanometer,, float values, Mercury switches, Mercury relays fluorescent lamp and other devices through concerns about the elements toxicity have led to Mercury thermometer and Sphygmomanometer being largely phased out in chemical environment in favour of alternative such as alcohol as galiustam filled glass thermometers and thermistor or infra-red laser electronic instruments likewise mechanical pressure gauges and electronic strain gauge seusare have replaced Mercury Sphygmomanometer.

-Keerthana S .S

# ഓർമ്മകൾ

മായാത്ത ഓർമ്മതൻ കല്പടവിൽ

തനിയെ ഞാനൊന്നു ഓർത്തിരുന്നു



അനുദിനം ഓർമ്മയിൽ തൻ

എൻ പ്രിയ ബാല്യം ഓർത്തിടുന്നു

കുസൃതിയും കളിയും ചിരിയുമായി

പോയ ബാല്യം നുകർന്നിടും

ആ കാലമൊന്നും തിരിച്ചു കിട്ടാൻ

എത്രനാളായി കൊതിച്ചിടുന്നു

കൂട്ടരോടൊത്ത് മണ്ണപ്പം ചുട്ടതും

തെക്കേലെ മാവിൻ മാങ്ങ പറിച്ചതും

എത്ര നല്ല മധുരമീ ബാല്യം

ഓർക്കുമ്പോഴെല്ലാം ഹരം പകർന്നിടുന്നു

സ്നേഹത്തിൻ ഉറപ്പുള്ള പോയ ബാല്യം.

ഇന്ന് ആ ബാല്യം കാണ്മാതില്ല

ഓർക്കാനുള്ള നന്മയുള്ളവ മാത്രം.

**–കാർത്തിക.ടി**



# ഗലീലിയോ ഗലീലി

ചെരിഞ്ഞ ഗോപുരത്തിൻെറ നാടായ ഇറ്റലിയിലെ പിസയിൽ 1564 ഫെബ്രുവരി 15 നാണ് ഗലീലിയോ ജനിച്ചത്. ഔദ്യോഗിക പഠനത്തിനുശേഷം വൈദികനാകാൻ സന്യാസ മഠത്തിൽ ചേർന്ന ഗലീലിയോയെ അച്ഛൻ നിർബന്ധിച്ച് വൈദ്യശാസ്ത്ര പഠനത്തിനായി പിസ സർവ്വകലാശാലയിൽ ചേർത്തു. അവിടെവെച്ച് ഗണിത അധ്യാപകനായ ഓസ്റ്റലിയോ റിച്ചിയെ പരിചയപ്പെട്ടതോടെ കമ്പം ഗണിത തോടായി. 1589–ൽ പിസ സർവകലാശാലയിൽ അദ്ധ്യാപകനായി. എന്നാൽ അധികകാലം കഴിയുന്നതിനു മുമ്പതന്നെ ഔദ്യോഗിക വസ്ത്രം ധരിക്കാത്തതിൻറെ പേരിൽ അവിടെനിന്നു പുറത്തായി. പിന്നീട് പാദുവ സർവകലാശാലയിൽ പ്രൊഫസറായി.

**–നേഹ പ്രമോദ്**

# Search Engine




Search engine refers to a huge database of internet resources such as web pages,newsgroups,programme,image etc. It helps to locate information on world wild web.

User can search for any information by passing query in form of keywords or phase. It then searches for relevant information in its database and return to the user. The search results, often referred to as search engine results pages (SERPs). The information may be a mix of web pages, images and other types of files. To simplify, think of a search engine as two components. First a spider/ web crawler trolls the web for content that is added to the search engine, relevant results are returned based on the search engines and algorithm. Early search engine were based largely on page content, but as websites learned to game the system, algorithms have become much more complex and search results returned can be based on literally hundreds of variables.




There used to be a significant number of search engine with significant market share. Currently, Google and Microsoft's bring control the vast majority of market.

-Diya Fathima

# വൻ പ്രളയം

ഒരു കൊച്ചു ഗ്രാമം അവിടെ ഒത്തിരി സാധാരണക്കാരായ പച്ച മനുഷ്യർ. ഏവരും തീരാദുഃഖത്തിൽ കാരണം ഒരു തുള്ളി വെള്ളമില്ല. ആ ഗ്രാമത്തിലുള്ളവർ സർക്കാരിനോട് എത്ര കേണപേക്ഷിച്ചിട്ടും ആ



ഗ്രാമത്തിലേക്ക് വെള്ളം എത്തിയില്ല. ഏവരും മഴപെയ്യാൻ ആകാശത്തോട് കേണപേക്ഷിച്ചു. ഈ ഗ്രാമത്തിന് അടുത്ത് ഒരു വലിയ കായൽ " കവ്വായി കായൽ" കൊടു വേനലിൽ വറ്റിപ്പോയി. അങ്ങനെയിരിക്കെ ഗ്രാമത്തലവൻ



ആകാശത്തോട് ചോദിച്ചു ദിവസം പത്തുപതിനഞ്ച് ആയല്ലോ ഇങ്ങനെ മുഖം വീർപ്പിച്ച് ചിരിക്കാൻ തുടങ്ങിയിട്ട് , ഒരിക്കലെങ്കിലും പൊട്ടി കരഞ്ഞൂടെ നിനക്ക്. അദ്ദേഹത്തോട് കുട്ടികൾ ചോദിച്ചു ' ആകാശത്തിന്ടെ കണ്ണുനീർ ആണല്ലേ മഴ ?' ആയിരിക്കാം പക്ഷേ മഴ പെയ്തില്ലെങ്കിൽ നാം എന്തുചെയ്യുമെന്ന് ഗ്രാമത്തലവൻ. ഇങ്ങനെ ഒത്തിരി നാൾ കാത്തിരുന്നു. മഴ പെയ്തില്ല വെള്ളം കിട്ടാതെ എല്ലാവരും ക്ഷീണിതരായി . എല്ലാവരും പ്രാർത്ഥനയിൽ ആണ്ടു ഇങ്ങനെ ഇരിക്കുമ്പോൾ ആകാശം പതുക്കെ കണ്ണുതുറന്നു മഴപെയ്യാൻ തുടങ്ങി . ഡാമുകൾ എല്ലാം നിറഞ്ഞു, അങ്ങനെ ഡാം തുറക്കാൻ കാലാവസ്ഥ നിരീക്ഷകർ പറഞ്ഞു. ഡാം തുറന്നു വെള്ളം കുത്തിയൊലിച്ചു വന്നു. ഈ ഗ്രാമത്തിലെ കവ്വായി കായൽ മഴ നിന്നില്ല . കായലിലെ വെള്ളത്തിൻറെ ഒഴുക്കും അളവും കൂടി. ഗ്രാമത്തിലുള്ള വീടുകളിൽ വെള്ളം. പിന്നെ വെള്ളത്തിൻറെ നീരാട്ട് ആയി. ഒരുപാട് മനുഷ്യർ ചത്തൊടുങ്ങി. അതൊരു വൻ പ്രളയം ആയിത്തീർന്നു . നാം ആരും

കരുതിയില്ല ഇങ്ങനെയൊരു വൻ പ്രളയം നമുക്ക് നേരിടേണ്ടിവരുമെന്ന് .
ഈ സമയത്ത് ജാതിയില്ല മതവുമില്ല എല്ലാവരും ഒറ്റക്കെട്ടായി പ്രളയത്തെ നേരിടുകതന്നെ ചെയ്തു.

ഒന്നാണ് നമ്മൾ..................

**–അനന്യ രവി**

# അമ്മതൻ ദുഃഖം

ഉറങ്ങാൻ പറ്റാതെ അലസമായ് അമ്മ

ദിവസവും കണ്ണീരുറ്റുന്ന മണ്ണിൽ

ജീവിതം തള്ളിനീക്കാൻ പറ്റാത്ത ഒരു അമ്മ

ഒരു മയക്കം കഴിഞ്ഞ്  കണി കാണുന്നതും

കണ്ണീരുറ്റുന്ന അമ്മതൻ കണ്ണുകൾ

അമ്മയോട് ഞാൻ ചോദിച്ചു

" അമ്മ എന്തിനീ കണ്ണുനീർ പൊഴിക്കുന്നു"

" മോളെ" എന്ന നിലവിളി ഞാൻ കേട്ടു

എന്തിനാണ് അമ്മ കരയുന്നത്?

മൂക്കിൽനിന്ന് ഒലിച്ചിറങ്ങുന്ന രക്തം

ആരുംകാണാതെ തുടച്ചുകൊണ്ട് അമ്മ,

എന്നെ ചേർത്തണച്ചു കൊണ്ട് ചൊല്ലി

"മകളെ നീയാണെൻ ദുഃഖം"

അണയാൻ പോകുന്ന ജീവിതത്തിൻെറ

അന്ത്യവിലാപം ഞാൻ കേട്ടു.

–ശ്രീത്ത്യ .പി.കെ

# വേര റൂബിൻ



(1928–2016) ഗാലക്സികളുടെ അടുത്ത് നിൽക്കുന്ന നക്ഷത്രങ്ങൾക്കും ഗാലക്സികളുടെ മധ്യത്തിലെ നക്ഷത്രങ്ങളുടെ ഭ്രമണവേഗത തന്നെയാണെന്ന് ആദ്യമായി നിരീക്ഷിച്ച ശാസ്ത്രജ്ഞ. ഇതാണ് ഇരുണ്ട ദ്രവ്യം (Dark




Matter) എന്ന കണ്ടുപിടിത്തത്തിലേക്ക് നയിച്ചത്. വാനനിരീക്ഷണത്തിലും മറ്റു ശാസ്ത്രജ്ഞ പരീക്ഷണങ്ങളിലും സ്ത്രീകൾ പരിമിതികൾ നേരിട്ട കാലത്താണ് ഏറെ ശ്രദ്ധേയമായ ഈ കണ്ടുപിടിത്തം നടത്താൻ അവർക്കു കഴിഞ്ഞത്. എന്നാൽ അർഹമായ അംഗീകാരങ്ങളൊന്നും ലഭിച്ചില്ല.

–ഹലാ ഫാത്തിമ

# Isaac Newton



Sir Isaac Newton was an English mathematician,theologian, author and physicist, who is widely recognised as one of the most influential scientist of all time and a key figure in the scientific revolution. His book philosopher naturalis principa mathematica ( "mathematical principles of natural philosophy") first published in1687 laid the foundations 8 classical mechanics. Newton also made seminal contributions to cepties shavs credit with Gottfried Wilhelm ceibnix far developing the infinitesimal calculus .




-Theertha K . K

# അമ്മതൻ ലാളനം



ജനിച്ചുടൻ ഞാൻ അമ്മയെ കണ്ടു

അമ്മയിൽ തുടങ്ങി എൻെറ 'അ' എന്ന
അക്ഷരം.

അന്ധകാരം നിറഞ്ഞൊരീ ഭൂവിൽ

കഷ്ടിച്ചു പോറ്റി വളർത്തിയമ്മ

തീരാത്ത മായാത്ത നോവിലും

ലാളിച്ചു പോറ്റി വളർത്തിയമ്മ

മക്കൾ കൺകണ്ട ദൈവമായി

സ്നേഹിച്ചു സ്നേഹിച്ചതമ്മ

സ്നേഹം പകരുന്ന അമ്മതൻ വാക്കുകൾ

ആയിരം ഉമ്മയ്ക്കു സമം.

പകരം എന്നോതുവാൻ ഇല്ലെന്ന് ആരും

ഈ ഉലകത്തിൽ അമ്മയ്ക്കെന്നും

അറിവാം പ്രകാശമണയുമ്പോൾ

ഗുരുവായി മാറിടും പ്രിയ ജനനി

–അൽക്ക.എ.എസ്

# ടെലിസ്കോപ്പ്



ടെലിസ്കോപിൻെറ കണ്ടുപിടിച്ചതോടുകൂടി പ്രപഞ്ചത്തിലെ രഹസ്യങ്ങൾ കൂടുതലായി വെളിപ്പെട്ടു. കാരണം വിദൂര വസ്തുക്കളെ നിരീക്ഷിക്കാൻ ഈ ഉപകരണം മൂലം സാധിച്ചു.

പോളണ്ടുകാരനായ ജാൻ ലിപ്പർ ഷെ ആണ് 1608–ൽ ടെലിസ്കോപിൻറെ നിർമ്മാണ തത്വം ആദ്യമായി ആവിഷ്കരിച്ചത്. ഇതിനെ അടിസ്ഥാനമാക്കിയാണ് ഗലീലിയോ 1609–ൽ ടെലിസ്കോപ് നിർമ്മിച്ചത്.



ടെലിസ്കോപ്പുകൾ രണ്ടുതരമുണ്ട്. അപവർത്തന ടെലസ്കോപ്പും പ്രതിഫലന ടെലസ്കോപ്പും . ലെൻസ് ഉപയോഗിച്ച് വിദൂരസ്ഥ വസ്തുക്കളുടെ പ്രതിബിംബം സൃഷ്ടിക്കുന്നതാണ് അപവർത്തന ടെലിസ്കോപ്.അപതലദർപ്പണമുപയോഗിച്ച് ദൂരെയുള്ള വസ്തുവിൻെറ പ്രതിബിംബം സൃഷ്ടിക്കുന്നതാണ് പ്രതിഫലന ടെലസ്കോപ്പ്.

ഇൻഫ്രാറെഡ്, റേഡിയോ തരംഗങ്ങൾ , എക്സ് റേ, ഗാമാ റേ എന്നിവ ഉപയോഗപ്പെടുത്തിയുള്ള വിശേഷ തരം ടെലസ്കോപ്പുകളും ഇക്കാലത്ത് പ്രചരണത്തിൽ ഉണ്ട്.

**–വേദ .ബി.എസ്**

# ഗുരു



ജീവിതത്തിന് അർഥം നൽകി

അക്ഷരങ്ങൾക്ക് ജീവൻ നൽകി

അക്ഷരലോകത്തേക്ക് കൈ പിടിച്ച

നടത്തിയ അധ്യാപകരെ നന്ദി

ലോകാന്തര പാഠങ്ങൾ ഞങ്ങൾക്ക്

പകർന്നു നൽകി ഞങ്ങളെ മക്കളായി

കണ്ടുപഠിച്ച എല്ലാ അദ്ധ്യാപകർക്കും

ഞങ്ങളുടെ കൂപ്പുകൈകൾ.

–ആമിയ

# നീ പെയ്തൊഴിയാതെ

ഹേ തരംഗ രൂപിണി

നിൻ ക്രോധാഗ്നിയിലെരിഞ്ഞമർന്നിതാ മാനുഷർ

ഒരിക്കലും വിസ്മരിക്കാത്ത ഒരു

പേടിസ്വപ്നമായി മാറി നീ

നാടിനെ നടുക്കി അനന്ത പ്രവാഹമായി

അലഞ്ഞു നീ കേരളാംബതൻ മാറിൽ

കുത്തിയൊലിച്ച നിൻ മൃത്യു പ്രവാഹത്തിൽ

എത്രപേർ,



എത്രപേർ വലിഞ്ഞിഴഞ്ഞു?

പ്രളയമേനിൻ തല്പ നിദ്രയിൽ

വീണുറങ്ങുന്നു ഭൂമി പുത്രൻ

നീ നൂറ് ജീവൻ കവർന്നെടുത്തു

ഞങ്ങൾക്ക് ബാക്കിയായി കണ്ണുനീരും

എന്തിന് നീ മന്നിൻ മനുഷ്യൻെറ

മൃത്യുവായ് പേമാരി പെയ്തു

ഒരു നേരമിത്തിരിയാഹരമുണ്ടാൻ

അലഞ്ഞു കേണു മർത്യനന്ന്

കേരളം പൂർണ്ണമായ് വെള്ളത്തിൽ ആണ്ടുപോയി

വർഗത്വവുമതിലൊലിഞ്ഞുപോയി

വർഗീയ രാഷ്ട്രീയ അസമത്വ ചിന്തകൾ



കലിതുള്ളി കൊണ്ടുപോയി
കാലവർഷം

കേരള ധരിത്രിതൻ ജീവിത
പുസ്തകത്തിൽ

മായാത്ത പാടായി ഉറച്ചിരിക്കുന്നു
നീ

ഇനി നിൻ നിദ്രാന്ത സ്മരണയിൽ നിന്നുണരുന്ന

അമ്മയെ ഞങ്ങൾക്ക് കാണാമോ?

–മാളവിക.എം.എസ്

# യുറാനസ്



സൂര്യനെ ചുറ്റുന്ന ഒരു ഗ്രഹമായ യുറാനസിനെ 1718 –ൽ ഇംഗ്ലീഷുകാരനായ വില്ല്യം ഹർഷൽ ആണ് കണ്ടെത്തിയത്. ദൂരത്തിൻെറ അടിസ്ഥാനത്തിൽ സൂര്യനിൽ നിന്നുള്ള ഏഴാമത്



ഗ്രഹമാണിത്. യുറാനസിൻെറ അന്തരീക്ഷത്തിൽ ഹൈഡ്രജൻ, ഹീലിയം,മീതേൻ തുടങ്ങിയ വാതകങ്ങൾ ഉണ്ട്. ഉപരിതല താപനില –215 ഡിഗ്രി സെൽഷ്യസ് ആണ്.

ഹർഷലിൻെറ ടെലിസ്കോപിൻെറ മാഗ്നിഫിക്കേഷൻ ശേഷി 6450 ആയിരുന്നു. അദ്ദേഹം തൻറെ ടെലിസ്കോപ്പിലൂടെ ഒരു നെബുലസ് നക്ഷത്രത്തെയോ വാൽനക്ഷത്രത്തെയോ വീക്ഷിച്ചു. അതിൻെറ ചലനം നിരീക്ഷിച്ചപ്പോൾ അതൊരു ഗ്രഹം ആണെന്ന നിഗമനത്തിൽ എത്തിച്ചേർന്നു. ഒരു കൊല്ലം തുടർച്ചയായി നിരീക്ഷിച്ചശേഷം അതിൻെറ ഭ്രമണപഥം ഗ്രഹത്തിൻെറതാണെന്ന് അദ്ദേഹം കണ്ടുപിടിച്ചു. അതിൻെറ വ്യാസം 18 ആസ്ട്രോണമിക്കൽ യൂണിറ്റായിരുന്നു.

**–നന്ദന**

# चतुर मेंढक



किसी तालाब में एक मेंढक था । एक दिन वह तालाब से बाहर आ बैटा । उसी समय कौआ आया ।

उसने मेंढक को चोच में उठा लिया । मेंढक चतुर था । वह बोला - भाई कौआ , मेरी देह तो कीचड से भरा हुआ है । मेंढक ने बोला कि स्नान करने से मेरा शरीर आपके लिए और भी स्वादिष्ट रहेगा ।



मेंढक की बात कौए ने मान ली । वह तालाब के किनारे उतरा । मेंढक को स्नान करने दिया । तब मेंढक ने लंबी छलाँग मारकर पानी में घुस गया । फिर वह कौए से बोला " बेवकू.फ ! अब तुम अपने घर चले जाओ । अब मुझे खा नहीं सकते । "

– लक्शमि नन्दा

# Alexander Fleming



Sir Alexander Fleming was a Scottish physician, micro biologist,and pharmacologist.

His best known discoveries are the enzyme lysozyme in 1923 and the world's first antibiotic substance Bencyl penicillin from the mould penicillin notatum in 1928,for which which he shared the Nobel prize in psychology or medicine in 1945 with Howard Florey and Ernst Boris Chain. He wrote many articles on bacteriology ,immunology and chemotherapy .


Fleming was knighted for his scientific achievements in 1944.In 1999,he was named in time magazine's list of the 100 most important people of the 20th century.In2002,he was chosen in the BBC's television poll for determining the 100 greatest britons ,and in 2009,he was also voted third “greatest scot” in an opinion poll conducted by STV,behind only Robert Burns and William Wallace.

-Arathi

# നിപ്പാ

അഗ്നിജ്വാലയായ്
ആളിപ്പടരുന്നു

കോഴിക്കോട് എന്ന
മഹാനഗരത്തെ



പിടിച്ചുലച്ച കൊലപാതകി.

നിപ്പ എന്നു കേട്ടാൽ ഞെട്ടി

വിറക്കുന്നു മാനവരാശി

പനിയെ മറിച്ചിട്ട് നിപ്പ യാക്കി

മാറ്റിയ വവ്വാലുകൾ

ഒരു മാതൃസ്നേഹം തുടങ്ങി

ഒരു പിഞ്ചോമനയെ വരെ

തട്ടിയെടുത്ത മരണം

അമ്മയെന്ന മഹത്വത്തെ

പിഞ്ചോമന യിൽ നിന്ന്

അടർത്തിമാറ്റിയ നീചകൻ പകരം എന്നതാണ്

ഡോക്ടർ എന്ന് കേട്ടാൽ പോലും

വിറക്കാത്ത രോഗം

മരിച്ചവരേക്കാൾ ബാധിച്ചവർ

ഏറെ..........

**–ഗൗരിനന്ദന.ഡി**

# Let's Have Some Fun.........

## The Perfect Son



**Father:** I have the perfect son.
**Friend:** Does he smoke?
**Father:** No, he doesn't.
**Friend:** Does he drink whiskey?
**Father:** No, he doesn't.
**Friend:** Does he ever come home late?
**Father:** No, he doesn't.
**Friend:** I guess you really do have the perfect son. How old is he?
**Father:** He will be six months old next Wednesday.

## Boy or Girl



**John:** Just look at that young person with the short hair and blue jeans. Is it a boy or a girl?
**Marry:** It's a girl. She's my daughter.
**John:** Oh, I'm sorry, sir. I didn't know that you were her father.
**Marry:** I'm not. I'm her mother.

## First at school



The mother says to her daughter, **"Did you enjoy your first at school?"**

The daughter answers, **"First day? Do you mean I have to go back again tomorrow?''**

## Tickets



***Bus conductor:*** *Why are taking two tickets?*
***Passenger:*** *Because if lose one that second ticket will save me.*
***Conductor:*** *what if you lose both?*
***Passenger:*** *Listen, I am not a fool. I already have my Pass with me.!!!*

– Arsha

# മോഹങ്ങൾ

മണിയടി മണിയടി കേട്ടില്ലേ

വിദ്യാലയം മണി കേട്ടില്ലേ



കുഞ്ഞി ഉടുപ്പ് ധരിക്കേണ്ടേ

കുഞ്ഞി കുടയും ചൂടേണ്ടേ

പുസ്തകസഞ്ചി എടുക്കേണ്ടേ

പാഠം കേട്ടു പഠിക്കേണ്ടേ

കൂട്ടരുമൊത്തു നടക്കേണ്ടേ

പാട്ടും കഥയും കേൾക്കേണ്ടേ

കളി ചിരി മേളം കൂടേണ്ടേ

വലിയവരായി തീരേണ്ടേ.

**–ആയിഷ നിദ.കെ.കെ**

# Let's Work up our Brain

**Q: You walk into a room with a match, a kerosene lamp, a candle, and a fireplace. Which do you light first?**

*A: The match.*

**Q: What word begins and ends with an E but only has one letter?**

*A: Envelope.*

**Q: I'm tall when I'm young and I'm short when I'm old. What am I?**

*A: A candle.*

**Q: What has hands but can't clap?**

*A: A clock*

**Q: I have keys but no doors. I have space but no rooms, I allow you to enter but you are never able to leave. What am I?**

*A: A keyboard*

**Q: What's full of holes but still holds water?**

*A: A sponge.*

**Q: What has one eye but can't see?**

*A: A needle.*

***Q:*What has to be broken before it can be used?**

**A:** An egg.

**Q:** ***There are two sisters: one gives birth to the other and she, in turn, gives birth to the first. Who are the two sisters?***

A**:** *Day and night.*

***Q:People make me, keep me, change me, raise me, even though I can be very dirty. What am I?***

*A:Money.*

**Q:** ***What has a neck but no head?***

A: A bottle.

**Q: What goes up but never comes down?**


A: Age.

**Q:They come at night without being called and disappear during the day without being stolen. Can you guess what are they?**

A: Stars.

**-Parvathy**

# SAY NO TO DRUGS





















# ജീവനില്ലാത്ത കുപ്പായങ്ങൾ

നൂറ്റാണ്ടുകൾക്ക് മുമ്പ് കുഴിച്ചിട്ട

വിഷജന്തുക്കൾ

പുതുജീവൻ വെച്ച് ഫണം

വിടർത്തി ഇരിക്കുന്നു

പൂത്തു കായ്ച്ച മരങ്ങൾ ഞൊടിയിടയിൽ

ജലം ലഭിക്കാതെ

ശ്വാസം മുട്ടി തൊണ്ട വരണ്ട്

മരിക്കുന്നു.

–നഹാന.കെ.സി

ഈ മാഗസിന്

പ്രേരണയായി നിന്നവർ

ആലേഖനങ്ങൾ കൊണ്ട്

അങ്കനം ചാർത്തിയവർ......

കൈത്താങ്ങും

വഴിത്താരയും

തീർത്തവർ........

വായനയും

വാക്കും  തന്ന്

അഭിനന്ദിച്ചവർ........

എല്ലാവർക്കും

നന്ദി......


നന്ദി


little
KITEs
ലിറ്റിൽ കൈറ്റ്സ്
ഹൈടെക് വിദ്യാലയങ്ങളിലെ
കുട്ടികളുടെ
ഐ.ടി കൂട്ടായ്മ